DESPATCHED
On...17/06/2020

7.5.2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2210(*2*)/*2017*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**12453**/*എസ്.ഐ.സി-ജി* **6/17**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീമതി. നിഷാ ജീവൻ**<br>**പൂമാലപറമ്പിൽ**<br>**കങ്ങരപ്പടി പി.ഒ**<br>**കങ്ങരപ്പട്, കൊച്ചി-21** | **അപ്പീൽ ഹർജിക്കാരി** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**<br>**സർവ്വെ വിഭാഗം, താലൂക്ക് ഓഫീസ്**<br>**കണയന്നൂർ**<br>2. **അപ്പീൽ അധികാരി ആന്റ്**<br>**തഹസീൽദാർ(എൽ.ആർ)**<br>**കണയന്നൂർ** | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.04.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.06.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.05.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 12.06.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.10.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.10.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 10.04.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ കണയന്നൂർ താലൂക്ക് അസിസ്റ്റന്റ് തഹസീൽദാറുടെ 1.10.2012 ലെ കെ.ഡിസ് 15791/10-ാം നമ്പർ ഉത്തരവ് പ്രകാരം ഏരിയ വ്യത്യാസം വരുത്തിയതായി പറയുന്ന ഷാജു. കെ.വി, വർഗീസ്, ബിനോയ്.കെ.വി എന്നിവരുടെ അടിസ്ഥാന നികുതി രജിസ്റ്ററിന്റെ കോപ്പിയും, ഇനം 2 ൽ തണ്ടപ്പേര് മാറ്റിയ ഫയലുകളുടെ കോപ്പിയും ഇനം 3 ൽ 1.10.12 ലെ കെഡിസ് 15791/10-ാം നമ്പർ ഫയൽ കോപ്പിയും ഇതുമായി ബന്ധപ്പെട്ട ആളുകൾക്ക് കൊടുത്ത നോട്ടീസിന്റെയും കോപ്പി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 24.06.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 15.05.2017 ന് അപ്പീൽ നൽകുകയും, 12.06.2017 ന് അപ്പീൽ അധികാരി മറുപടി നൽകുകയും, ആയതിൽ ഫയൽ ലഭ്യമല്ലെന്ന എസ്.പി.ഐ.ഒ യുടെ മറുപടി തൃപ്തികരമല്ലെന്നും ടി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ഫയൽ ലഭ്യമാക്കി മറുപടി നൽകാനും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വികരിക്കുവാനും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്ക് ഫയൽ കണ്ട് പിടിക്കാൻ സാധിക്കാത്തതിനാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസെടുക്കുവാൻ സെൻട്രൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ യ്ക്ക് നിർദ്ദേശം നൽകി എന്ന് എസ്.പി.ഐ.ഒ പറയുന്നതിൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകി ആയതിന്റെ റിപ്പോർട്ട് കമ്മീഷനിലേയ്ക്കും ഹർജിക്കാരിക്കും നൽകണമെന്ന നിർദ്ദേശത്തോടെ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**